11. സർക്കാർ ജീവനക്കാർ ആഴ്ചയിൽ രണ്ട് ദിവസം ഖാദി/കൈത്തറി ധരിക്കണമെന്നും വിദ്യാർത്ഥികൾ സ്കൂൾ യൂണിഫോമുകൾ ഖാദി/കൈത്തറിയാക്കണമെന്നുമുള്ള സർക്കാർ അഭ്യർത്ഥനയുടെ ഫലമായി ഖാദി വിൽപ്പനയിൽ 20% വർദ്ധനവുണ്ടായി. ഇതുവഴി ഖാദി മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുകയും പുത്തൻ ഉണർവ് നൽകുകയും ചെയ്തിട്ടുണ്ട്.

12. സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിലൂടെ ഖാദിഗ്രാമ വ്യവസായ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കുന്നുണ്ട്. ഇത് പരമ്പരാഗത ഖാദി നെയ്ത്തു തൊഴിലാളികളുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനും അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും വളരെയധികം സഹായകരമാണ്.

13. പരമ്പരാഗത ഖാദി വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി പഴയ മോഡൽ ചർക്കകളും തറികളും മാറ്റി സ്ഥാപിച്ചു.

14. തൊഴിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തി. നെയ്ത്ത് മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി "റെഡിമെയ്ഡ് പാവ്" നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു.

15. ഖാദി വസ്ത്രങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നല്ല തരം Rovings/sliver വിതരണം ചെയ്യുന്നുണ്ട്.

16. പാലക്കാട് ജില്ലയിലെ ചിതലിയിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുവേണ്ടി സിൽക്ക് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 2009-10 വർഷം 105.75 ലക്ഷം രൂപ അനുവദിച്ചു.

(ഇ) കേരള ദിനേശ് ബീഡിയുടെ സെൻട്രൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലും അനുബന്ധ പ്രൈമറി സംഘങ്ങളിലും തൊഴിൽ ചെയ്ത് വരുന്ന തൊഴിലാളികൾക്ക് 45 വയസ് പൂർത്തിയാകുമ്പോൾ ജോലിയിൽ നിന്ന് പിരിഞ്ഞുപോകുന്നതിന് അനുവാദം നൽകുകയും അവർക്ക് 45 വയസ്സുമുതൽ 55 വയസ്സ് പൂർത്തിയാകുന്നതുവരെ പ്രതിമാസം 500 രൂപ നിരക്കിൽ പ്രത്യേക പെൻഷൻ നൽകുന്നതിന് പദ്ധതി നടപ്പിലാക്കി. ഈ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 5 കോടി രൂപ നൽകി.

കൈത്തറി വായ്പ എഴുതിത്തള്ളാൻ പ്രത്യേക പാക്കേജ്

28 (*268) ശ്രീ. എൻ. ശക്തൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കൈത്തറി വായ്പ എഴുതി തള്ളാൻ ആവശ്യമായ പ്രത്യേക പാക്കേജിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം ഒരു പാക്കേജ് നടപ്പാക്കണമെന്ന ആവശ്യം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ;

(സി) എത്ര കോടി രൂപയുടെ കൈത്തറി വായ്പ എഴുതി തള്ളണമെന്ന ആവശ്യമാണ് പരിഗണനയിലുള്ളത് ;

(ഡി) പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നതിനും കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) :

(എ) രാജ്യത്തെ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടേയും അപ്പെക്സ് സംഘങ്ങളുടെയും ബാങ്കിലെ കടബാദ്ധ്യതകൾ തീർക്കുന്നതിനായി കേന്ദ്ര സർക്കാർ ഒരു ഫിനാൻഷ്യൽ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി ഒരു പ്രൊപ്പോസൽ സംസ്ഥാന സർക്കാർ നബാർഡിനു സമർപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെ 361.15 കോടി രൂപയുടേയും അപ്പെക്സ് സംഘത്തിന്റെ 222.14 കോടി രൂപയുടേയും കടബാദ്ധ്യതകൾ (31-3-2007 വരെ) എഴുതിത്തള്ളുന്നതിനുള്ള പ്രൊപ്പോസലാണ് സംസ്ഥാന സർക്കാർ നബാർഡിന് സമർപ്പിച്ചിട്ടുള്ളത്.

(ഡി) ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്.

വനമേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കാൻ നടപടി

29 (*269) ശ്രീ. രാജു എബ്രഹാം :
ശ്രീ. സാജു പോൾ :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനമേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഈ സർക്കാർ വന്നശേഷം എത്ര പ്രാവശ്യം കൂലി വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട് ;

(സി) വനമേഖലയിലെ തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിന് വനം വകുപ്പ് പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly